## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 798 — 12-6-2013-ൽ മറുപടിക്ക്

### ജലനിധി പദ്ധതി

| ചോദ്യം<br>ശ്രീമതി. കെ.കെ. ലതിക. | ഉത്തരം<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ജലനിധി പദ്ധതിയുടെ എത്രാം ഘട്ടമാണ് ഇപ്പോൾ നടന്നു വരുന്നത്; | (എ) ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടമാണ് ഇപ്പോൾ നടന്നുവരുന്നത്. |
| (ബി) ഏതൊക്കെ ഘട്ടങ്ങളാണ് ഇനി പൂർത്തിയാക്കാനുള്ളത്; വ്യക്തമാക്കുമോ; | (ബി) ഇപ്പോൾ നടന്നുവരുന്ന രണ്ടാം ഘട്ടം കൂടി മാത്രമേ ഇനി പൂർത്തിയാക്കാനുള്ളൂ. |
| (സി) ഓരോ ഘട്ടത്തിലും എത്ര പഞ്ചായത്തുകളെ വീതമാണ് പദ്ധതിയിൽ ഉൾ പ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) നാല് ബാച്ചുകളിലായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ജലനിധി രണ്ടാം ഘട്ട പദ്ധതിയിൽ ബാച്ച് ഒന്നിൽ 22 ഗ്രാമപഞ്ചായത്തുകളും ബാച്ച് രണ്ടിൽ 68 ഗ്രാമപഞ്ചായത്തുകളും; മൂന്ന്, നാല് ബാച്ചുകളിൽ 95 ഗ്രാമപഞ്ചായത്തു കളെയുമാണ് ഉൾ പ്പെടുത്തിയിരിക്കുന്നത്. |
| (ഡി) ഓരോ ഘട്ടത്തിലും കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഉൾ പ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്ത് ബാച്ച് രണ്ടിലും, തുടർന്നുള്ള ബാച്ചുകളിൽ വെള്ളിയാപ്പള്ളി, ആയഞ്ചേരി, പുറമേരി എന്നീ ഗ്രാമപഞ്ചായത്തുകളുമാണ് പരിഗണനയിലുള്ളത്. |

സെക്ഷൻ ഓഫീസർ